LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ

18 [2730] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഏതെല്ലാം പ്രദേശങ്ങളാണ് പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായി സർക്കാർ പരിഗണിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ തയ്യാറാക്കിയിട്ടുള്ളത്;

(സി) ഓരോ പദ്ധതിക്കും എത്ര തുക ചെലവാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ തേക്കടി, മൂന്നാർ, വാഗമൺ എന്നീ കേന്ദ്രങ്ങളാണ് ടൂറിസ്റ്റ് കേന്ദ്രങ്ങളായി പ്രത്യേകം പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി ആന്റ് സി) ഇടുക്കി ജില്ലയിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

കൊടുങ്ങല്ലൂരിൽ പിൽഗ്രിം ടൂറിസം

19 [2731] ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്ര പ്രസിദ്ധമായതും പൗരാണിക പ്രാധാന്യമുള്ളതുമായ കൊടുങ്ങല്ലൂരിൽ പിൽഗ്രിം ടൂറിസത്തിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) കൊടുങ്ങല്ലൂരിലെ മനക്കൽ ബീച്ച് ടൂറിസം വകുപ്പു വഴിയോ ഡി.ടി.പി.സി. വഴിയോ ഏറ്റെടുത്ത് ടൂറിസം വകുപ്പ് കേന്ദ്രമായി വികസിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ—ഡി) തൃശ്ശൂർ ജില്ലയിൽ സമഗ്ര ടൂറിസം വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നുണ്ട്. തീർത്ഥാടന കേന്ദ്രങ്ങളുടെ വികസനവും പരിഗണിക്കുന്നുണ്ട്.

പീരുമേട് നിയോജക മണ്ഡലത്തിലെ ടൂറിസം വികസന പദ്ധതി

20 [2732] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പീരുമേട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം വർക്കുകളാണ് ടൂറിസം വികസന പദ്ധതിയിൽപ്പെടുത്തി ഉത്തരവായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓരോ വർക്കിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിൽ തുടങ്ങിക്കഴിഞ്ഞ വർക്കുകൾ ഏതെല്ലാമെന്നും ഇനി തുടങ്ങാനുള്ള വർക്കുകൾ ഏതെല്ലാമാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) 1. ഉളുപ്പൂണി-കോട്ടമല റോഡ്

2. കുട്ടിക്കാനം-ഏലപ്പാറ-വാഗമൺ റോഡ്

3. തേക്കടി-മൂന്നാർ റോഡ്

4. ഉപ്പുതറ-വാഗമൺ റോഡ്

5. ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, തേക്കടി

(ബി ആന്റ് സി)

1. ഉളുപ്പൂണി-കോട്ടമല റോഡിന്റെ പണി കൂടുതൽ തുക ആവശ്യപ്പെട്ടതുകൊണ്ട് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിന്റെ പുനർഭരണാനുമതിക്കായി സമർപ്പിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

2. കുട്ടിക്കാനം-ഏലപ്പാറ-വാഗമൺ റോഡിന്റെ പണി പുരോഗമിച്ചു വരുന്നു.

3. തേക്കടി-മൂന്നാർ റോഡ് പൂർത്തീകരിച്ചു.

2/53/2013—9.

LIBRARY ARCHIVES Kerala Legislative Assembly